## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# സൈബർ പോലീസ് ഉദ്യോഗസ്ഥൻ ചമഞ്ഞ് വീടുകളിൽ കയറി സ്ത്രീകളോട് അപമര്യാദയായി പെരുമാറിയ പ്രതി പിടിയിൽ: കൂടുതൽ പരാതി, തമ്പാനൂർ പോലീസ് കേസെടുത്തു

# കോവിഡ്-19

# വിലക്ക് ലംഘനം: 28 പേർക്കെതിരെ കേസ്. 17,000/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- സ്ത്രീകൾ താമസിക്കുന്ന വീടുകളിൽ എത്തി സൈബർ സെൽ ഉദ്യോഗസ്ഥനാണെന്ന് പരിചയപ്പെടുത്തി കബളിപ്പിച്ച്, ലൈംഗികമായി ഉപദ്രവിച്ചതിന് പോലീസ് പിടിയിലായ പ്രതിക്കെതിരെ കൂടുതൽ പരാതി ലഭിച്ചതിനെ തുടർന്ന് തമ്പാനൂർ പോലീസ് കേസെടുത്തതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നന്ദിയോട് പൗവത്തൂർ സ്മിതാ ഭവനിൽ ദീപു കൃഷ്ണനെ (36) കഴിഞ്ഞ ദിവസം പാലോട് പോലീസ് അറസ്റ്റു ചെയ്തിരുന്നു. തുടർന്ന് മാധ്യമങ്ങളിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ തമ്പാനൂർ വലിയശാല സ്വദേശിനിക്കെതിരേയും സമാനമായ തരത്തിൽ പ്രതി പീഡനശ്രമം നടത്തിയതായി പരാതി ലഭിച്ചതിനെ തുടർന്നാണ് പോലീസ് പുതിയ കേസെടുത്തത്. ഇയാൾ ഇരയാക്കുന്ന സ്ത്രീകളുടെ നഗ്ന ചിത്രങ്ങളും അശ്ലീല ദൃശ്യങ്ങളും യൂ-ട്യൂബിൽ-ൽ അപ്‌ലോഡ് ചെയ്തിട്ടുള്ളത് പോലീസിനു ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞാണ് അവരെ സമീപിക്കുന്നത്. അവരുടെ ഭർത്താവിന്റെ മൊബൈലിൽ നിന്നാണ് ദൃശ്യങ്ങൾ ലഭിച്ചതെന്നു പറഞ്ഞു വിശ്വസിപ്പിക്കും. അത് പരിശോധിക്കാൻ

ശരീരത്തിന്റെ അളവുകൾ എടുക്കാൻ സമതപത്രം എഴുതി വാങ്ങി ലൈംഗികമായി ഉപദ്രവിക്കുന്നതാണ് ഇയാളുടെ രീതി. പ്രതിയുടെ ഭാഗത്തുനിന്നും സമാനമായ കൂടുതൽ കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ടോയെന്നതിനെക്കുറിച്ച് തമ്പാനൂർ എസ് എച്ച് ഓ യുടെ നേതൃത്വത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്നും പ്രതിയെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യുമെന്നും കമ്മീഷണർ അറിയിച്ചു.

## കോവിഡ് സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (19-09-2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 28 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 80 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 17,000/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ

നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
19-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി